**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1879 — 13.06.2019 ൽ മറുപടിയ്ക്ക്

## ഇ - ഓഫീസ് സോഫ്റ്റ്‌വെയർ

| | ചോദ്യം<br>ശ്രീ. വി.എസ്.ശിവകുമാർ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഇ - ഓഫീസ് സോഫ്റ്റ്‌വെയർ പൂർണ്ണമായും ഉപേക്ഷിച്ച് പുതിയ സോഫ്റ്റ്‌വെയർ രൂപം നൽകുന്നതിനുള്ള ചുമതല സ്വകാര്യകമ്പനിക്ക് നൽകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ ഓഫീസുകളിലെ ഫയൽ നീക്ക സംവിധാനമായ ഇ- ഓഫീസ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ എൻ.ഐ.സി മുഖേന നടപ്പിലാക്കുന്ന ഇ ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം തുടങ്ങി നിരവധി പോരായ്മകളുള്ളതിനാൽ ആയതു മാറ്റി പുതിയ ഒരു സംവിധാനം കൊണ്ട് വരുന്നതിനു തീരുമാനിക്കുകയും ടെണ്ടർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റിലെ അമ്പത്തിനാല് വകുപ്പുകളിലും പതിനാല് കളക്ടറേറ്റിലും നടപ്പിലാക്കിയ നിലവിലെ സോഫ്റ്റ്‌വെയർ പിൻവലിക്കുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (ബി) | ഇ-ഓഫീസിന്റെ വേഗതക്കുറവ്, പല ദിവസങ്ങളിലും പൂർണമായോ ഭാഗികമായോ ഇ-ഓഫീസ് ലഭിക്കാതിരിക്കുക, വിവിധ മാന്വലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാതിരിക്കുക, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, ഇ-ഓഫീസിന്റെ രണ്ടാം പതിപ്പ് തയ്യാറാക്കി തരാൻ എൻ.ഐ.സി.യോട് ആവശ്യപ്പെട്ടിട്ടും ലഭ്യമാകാതിരിക്കുക, സോഫ്റ്റ് വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കം മൂലമുള്ള സാങ്കേതിക പ്രശ്നങ്ങൾ മുതലായ കാരണങ്ങളാണ് പുതിയ സോഫ്റ്റ് വെയർ കണ്ടെത്തുന്ന നടപടികളിലേയ്ക്ക് നയിച്ചത്. |

| | | | |
|---|---|---|---|
| (സി) | പുതതായി സോഫ്റ്റ്വെയർ രൂപീകരിക്കുന്നതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഈ പദ്ധതിയുടെ നിർവ്വഹണത്തിന് ഏത് വകുപ്പിനെ / സർക്കാർ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; സ്വകാര്യ കമ്പനിയെ സോഫ്റ്റ്വെയർ രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തുമ്പോൾ നിർബന്ധമായും മുൻകൂട്ടി നിശ്ചയിക്കേണ്ട പ്രതിവർഷ ആവർത്തന / മെയിന്റനൻസ് ചെലവ് കണക്കാക്കിയിട്ടുണ്ടോ; ആയത് വിശദമാക്കുമോ; | (സി) | ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയാണ് വകയിരിത്തിയിരിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായതിന് ശേഷമേ എത്ര രൂപയാണ് പ്രതിവർഷം ആവർത്തന / മെയിന്റനൻസ് ചെലവ്, ഏജൻസി തുടങ്ങിയ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (ഡി) | നിലവിലെ ഇ - ഓഫീസ് പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര കോടി രൂപയാണ് നാളിതുവരെ ചെലവഴിച്ചത്; ഫീൽഡ് ഡിപ്പാർട്ടുമെന്റുകളിലും പഞ്ചായത്ത്, വില്ലേജ് തലങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ അവസാനഘട്ടമെത്തിയപ്പോൾ നിലവിലെ സോഫ്റ്റ്വെയർ ഉപേക്ഷിച്ച് പുതിയ സോഫ്റ്റ്വെയറിന് രൂപം നൽകുമ്പോഴുള്ള ഭീമമായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (ഡി) | 2013 മുതൽ 2019 മാർച്ച് വരെ 32,47,45,387/- രൂപ ഇ-ഓഫീസ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് മാറുമ്പോഴുള്ള ചെലവ്, ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | നിലവിലെ സോഫ്റ്റ്വെയറിൽ എന്തെങ്കിലും അപ്ഡേഷൻ ആവശ്യമുണ്ടെങ്കിൽ ആയത് നടപ്പാക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കുമോ; നിലവിലെ സോഫ്റ്റ്വെയറിന് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ വ്യക്തമാക്കുമോ; എങ്കിൽ അപാകത എപ്രകാരമാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്; അപാകത വിലയിരുത്താൻ ഏതെങ്കിലും സ്ഥാപനത്തെ / ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; അതിൻപ്രകാരം ഏതെങ്കിലും പഠനറിപ്പോർട്ട് / നിർദ്ദേശം നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പുതുതായി സോഫ്റ്റ്വെയർ | (ഇ) യും (എഫ്) ഉം | ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19.01.2017 ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി യ്ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25.03.2017 ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തിര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും |

| | | | |
|---|---|---|---|
| | രൂപീകരിക്കുമ്പോൾ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | | വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18.04.2017 ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി നൽകാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റി 17.07.2017 ലെ സ.ഉ(സാധാ) നം. 161/2017/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. 26.07.2017 -ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ് വെയർ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക് സ്പേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത് (മിനിട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). സോഫ്റ്റ് വെയർ പരിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ട്രെയിനിംഗ്, ഹാൻഡ് ഹോൾഡ് സപ്പോർട്ട് എന്നിവ നൽകാനാണുദ്ദേശിക്കുന്നത്. ഇ-ഓഫീസ് വഴി സൃഷ്ടിക്കപ്പെട്ട ഫയലുകളും തപാലുകളും പൂർണമായും പുതിയ സിസ്റ്റത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യണമെന്നത് ടെണ്ടർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (എഫ്) | പുതിയ സോഫ്റ്റ്‌വെയർ വരുമ്പോൾ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പുതുതായി ആരംഭിക്കേണ്ടിവരുമോ; വിശദമാക്കുമോ; ഇ - ഓഫീസ് വഴി ഇതുവരെ സൃഷ്ടിക്കപ്പെട്ട ഫയലുകളുടെ സ്ഥിതി എന്താകുമെന്ന് വ്യക്തമാക്കുമോ; സ്വകാര്യ കമ്പനികൾ നിർമ്മിക്കുന്ന സോഫ്റ്റ് വെയർ സർക്കാർ വകുപ്പുകൾ ഉപയോഗിക്കുന്നതിലെ ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

Saju

**സെക്ഷൻ ഓഫീസർ**

സമാനസ്വം

**Meeting of Secretaries chaired by the Additional Chief Secretary (Finance) at 5.30 p.m. on 26.07.2017 to review e-Office Application.**

The meeting started at 5.30 p.m. and following Officers attended:

- Shri Manoj Joshi, Principal Secretary (General Administration)
- Shri. Satyajeet Rajan, Principal Secretary (Personnel & Administrative Reforms
- Shri. M Sivasankar, Secretary (Electronics & Information Technology)
- Shri. Sreeram Sambasiva Rao, Director, Kerala State IT Mission

The Additional Chief Secretary (Finance) welcomed all the participants and invited the Secretary (IT) for a brief introduction on the issues related to e-Office. The Secretary (IT) pointed out the following issues:

- The slowness / sluggishness of e-Office application started in March, 2017, still exists and which is creating hardships in the smooth functioning of all major Departments in Secretariat.
- File processing in Malayalam is very difficult.
- MIS reports available in e-Office are not in the required formats and the reports available are not correct.
- Page navigation is very difficult.
- Editor issues are not solved, till date.
- Searching a file or a Tapal is very difficult.
- The response time is very high.
- Even though Government have forwarded several number of State specific change requests to NIC, they haven't responded positively, even after repeated requests.
- Even though several meetings were already conducted with NIC Headquarters / State Unit at the level of Director, KSITM, Secretary (IT) and Chief Secretary for improving the efficiency of e-Office Software, they haven't responded properly and it is presumed that NIC can't improve the efficiency of e-Office.

- Several departments are now requesting to implement e-office. **But pushing a less user-friendly software would create an aversion among staff for e-gov adoption.**

The Secretary (IT) also point out that as per the decision of the Apex Committee on e-Governance, NIC State Unit was directed to develop Version 2.0 of e-Office and to roll out it on 1st April, 2018. But the NIC has now informed that the Version 2.0 will be developed by NIC, Delhi. Also, they remain silent on the time line for its roll out.

The Principal Secretary (P&ARD) has opined that Officers are facing much difficulties in processing files through e-Office and hence, it's better to go for a new file processing system which satisfies all State specific requirements. The Principal Secretary (GAD) has also expressed similar view, since, there appears to be limited flexibility in improving the present system. The file processing application for the State Should be in conformity with the requirement of the State and an application developed for Government of India can't serve the purpose of State Government, without repeated customization as per the requirements raised, periodically.

Director, KSITM informed that there are only 4 states in the country which implemented e-office, to certain extent for file processing. Principal Secretary (GAD) informed e-office is not fully adopted at the centre for file processing but Tapal registry is through e-office. **Kerala is the largest user of e-office in the country.**

**Observations of the committee**

**e-office**

1. Current version of E-office implementation is affecting the work in all departments in the Secretariat. This version of e-office is not suited for adoption across all Departments in the state for file document system.
2. Support of NIC for product (e-office) upgrdation and issue resolution is less than satisfactory.
3. MIS report in e-office is erroneous. No action taken by NIC for a long time in spite of repeated requests and meetings.

4. Kerala is only state which propose for total migration to digital document filing system whereas other states /centre are using only in limited manner.

5. Architecture and design of e-office, which is a decade old, is inadequate to bring in innovative features in the software. Hence a solution which is futuristic is needed.

6. There are other products available in the market, with extensive features.

7. Development of a new software would take at least 2 years or so.

**General observations**

1. **Government need to look into the age-old concept of opening a file for every activity. Form based rather than file based processing need to be adopted to save time and for easiness.**

2. **Government process re-engineering is required to improve the current file processing system.**

3. **The committee looked beyond the terms of reference in the Government Order, to make recommendations for a stable, scalable and sustainable digital file processing system for State Departments.**

After detailed discussion, following recommendations were made:

1. Current version of e-office, with its outdated architecture and design is less suited for universal adoption across departments for digital file processing in the state.

2. Development of a new solution *de novo* would take a long time. Hence explore possibilities to go for a product off the shelf with futuristic technology and features and quicker customization to suit the State Department's needs.

3. An **EOI** (Expression of Interest) may be invited for digital file processing solutions in the market.

4. Based on EOI evaluation a file processing application from open market may be procured which satisfies following conditions:

   - The Vendor selected should hand over the entire source code to Electronics & IT Department. There should be a Service Level Agreement with the selected Vendor for frequent support and to provide frequent updates / upgrades to the State for 10 years and a dedicated Team should be positioned in Secretariat for the support.

- There should be continuous support for product improvement. For major upgrades Government may meet the development expenditure.
- Migration from e-Office application to new system and further migration, if required should be supported by the vendor selected.
- The new system proposed to be procured should integrate with all major applications deployed in the State.
- The financial commitment to the State for adoption and migration to the new solution, should be minimum. The vendor need to provide unlimited License irrespective of the users in the State.

5. The new application should be implemented in the entire State of Kerala for seamless file movement options.